# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2511 19.12.2012-ൽ മറുപടിയ്ക്ക്

## ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫസർ. സി. രവീന്ദ്രനാഥ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കാരുണ്യ ലോട്ടറിയിലൂടെ സമാഹരിച്ച ഫണ്ടുപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികൾക്കും, ജില്ലാ ആശുപത്രികൾക്കും എത്ര വീതം യൂണിറ്റുകൾക്കായി എത്ര മെഷീനുകളാണ് നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്; | (എ) യും (ബി) യും<br><br>കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സൗജന്യ ഡയാലിസിസ് ചികിത്സയ്ക്കായി പത്ത് ഡയാലിസിസ് ഉപകരണങ്ങൾ വീതം വാങ്ങി ഡയാലിസിസ് സെന്ററുകൾ സജ്ജമാക്കുന്നതിന്റെ പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കാനുള്ള പദ്ധതികൾ നടന്നുവരുന്നു. |
| (സി) സാധാരണക്കാർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന ഗവൺമെന്റ്, ജനറൽ, താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റുകൾക്കായി എത്ര മെഷീൻ നൽകിയിട്ടുണ്ട് ; വിശദമാക്കുമോ; | (സി) സർക്കാർ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ധനസഹായത്തോടെ ഡയാലിസിസ് മെഷീനുകൾ ലഭ്യമാക്കിയിട്ടില്ല. |
| (ഡി) ഇടത്തരം സ്വകാര്യ ആശുപത്രികളെ ഇതിനായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ; | (ഡി) ഇല്ല. |

| | |
|---|---|
| (ഇ) ഈ പദ്ധതിയിൽ ഏതെല്ലാം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട് ; അവയേതെല്ലാമാണ് ; എത്ര മെഷീൻ വീതം നൽകിയെന്നും വെളിപ്പെടുത്തുമോ ? | (ഇ) ഡിസംബർ 14 - ാം തീയതി മുതൽ ഈ പദ്ധതിയിൽ 40 സ്വകാര്യ ആശുപത്രികളെ ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം, തലച്ചോറ്, ലിവർ തുടങ്ങിയവയുടെ സർജറികൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. പേരുവിവരം അനുബന്ധമായി ചേർക്കുന്നു. സ്വകാര്യ ആശുപത്രികൾക്ക് ഡയാലിസിസ് മെഷീനുകൾ നൽകുന്നില്ല. പകരം രോഗികൾക്ക് ഒരു തവണ ഡയാലിസിസിനായി 650 രൂപ വീതം നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# ANNEXURE

| District | Hospitals |
|---|---|
| Thiruvananthapuram | 1. KIMS<br>2. Meditrina<br>3. SUT Vattappara<br>4. India Hospital |
| Kollam | 1. SN Trust Medical Mission<br>2. Travancore MCH<br>3. Azeezia Hospital |
| Pathanamthitta | 1. Pushpagiri, Thiruvalla<br>2. Christian Mission, Panthalam<br>3. St. Thomas Hospital<br>4. Muthoot, Kozhencherry |
| Kottayam | 1. Bharat Hospital<br>2. St. Thomas Hospital |
| Idukki | 1. Chazhikkat Hospital<br>2. St. Mary's Hospital<br>3. Holly Family Hospital, Thodupuzha |
| Ernakulam | 1. Little Flower, Angamali<br>2. Lisie Hospital<br>3. Ps Mission |
| Thrissur | 1. Amala Hospsital<br>2. Jubilee Mission<br>3. Rajah Chavakkad<br>4. St. James Chalakkudy |
| Plalakkad | 1. Lakshmi Hospital<br>2. Mothercare, Mannarkad<br>3. Paalana Medical College<br>4. Karuna Medical College<br>5. P.K. Das Institute Hospital |
| Malappuram | 1. Almas Hospital<br>2. Alshipha Hospital<br>3. EMS Co operative Hospital<br>4. MES Medical College Hospital<br>5. MIMS Kottakkal |
| Kozhikode | 1. Baby Memorial<br>2. Fathima Hospital<br>3. KMCT Medial College Hospital<br>4. PVS Hospital |
| Kannur | 1. MCH<br>2. Telicherry Hospital<br>3. Maleek Dinar Charitable Hospital |

രാജ്ഭവൻ ട്രഷറർ